## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 169** **11.06.2012 -ൽ മറുപടിയ്ക്ക്**

**ചെക്ക് പോസ്റ്റുകളിലൂടെ കോഴി കടത്ത്.**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| കാസർഗോഡ് ജില്ലയിലെ വിവിധ ചെക്ക് പോസ്റ്റുകളിലൂടെ വ്യാപകമായി കോഴികളെ കടത്തുന്നത് തടയുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | കാസർഗോഡ് ജില്ലയിൽ കോഴിക്കള്ളക്കടത്തുകാരുടെ പ്രവർത്തികൾ നികുതി വകുപ്പ് നേരത്തെതന്നെ നിരീക്ഷണ വിധേയമാക്കിയിട്ടുണ്ട്. പ്രധാനമായും കർണാടക സംസ്ഥാനത്തിന്റെ അതിർത്തി ജില്ലകളിൽ നിന്നാണ് കാസർഗോട്ടേക്ക് കോഴിക്കള്ളക്കടത്ത് നടത്തുന്നത്. കേരളത്തിൽ 13.5 ശതമാനം നികുതി ഈടാക്കുന്ന ഇറച്ചിക്കോഴിക്ക് കർണ്ണാടകത്തിൽ നികുതി ഇല്ലെന്നുള്ളത് കോഴിക്കള്ളക്കടത്തുകാർക്ക് പ്രചോദനമേകുന്ന വസ്തുതയാണ്. കർണ്ണാടക-കാസർഗോട് അതിർത്തിയിലെ, ചെക്ക്പോസ്റ്റുകൾ നിലവിലില്ലാത്ത ഇരുപതോളം ബൈറൂട്ടുകൾ കള്ളക്കടത്തുകാർക്ക് ഒരു അനുകൂല ഘടകമാണ്. വിൽപന നികുതി വകുപ്പിന്റെ ശക്തമായ നടപടികൾ കൊണ്ടുമാത്രമാണ് ഈ കള്ളക്കടത്തുകാരെ നിയന്ത്രണത്തിൽ നിർത്തുവാൻ കഴിയുന്നത്. മഞ്ചേശ്വരം മുതൽ ചെറുപുഴ വരെ നീളുന്ന സംസ്ഥാന അതിർത്തിപ്രദേശങ്ങൾ ചെക്ക് പോസ്റ്റുകളും ഊടുവഴികളും ഉൾപ്പെടെ നിരീക്ഷിക്കുവാൻ 6 ഇന്റലിജൻസ് സ്ക്വാഡുകൾ ഊഴമനുസരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്നു. കൂടാതെ ഉത്സവസീസണുകളിൽ ഉണ്ടാകാറുള്ള അധികരിച്ച കോഴിവരവ് നിരീക്ഷിക്കുവാൻ കണ്ണൂർ ജില്ലയിൽ നിന്നുൾപ്പെടെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിക്കാറുണ്ട്. വാഹന പരിശോധനയിൽ<br>(.....2) |

| | |
|---|---|
| | ക്രമക്കേട് കണ്ടെത്തിയാൽ നിയമം അനുശാസിക്കുന്ന പരമാവധി ജാമ്യത്തുകയും പിഴയും ഈടാക്കാറുണ്ട്. ഇതുകൂടാതെ കാസർഗോഡ് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണർ (ഇന്റലിജൻസ്), ഡെപ്യൂട്ടി കമ്മീഷണർ എന്നിവരുടെ വാഹനങ്ങളിൽ പ്രത്യേക ഉദ്യോഗസ്ഥന്മാരെ ഡ്യൂട്ടിക്കായി നിയോഗിച്ച് അതിർത്തി പരിശോധനകൾ നടത്താറുണ്ട്. ജില്ലയിലെ ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായി കോഴിക്കള്ളക്കടത്തിനെക്കുറിച്ച് ചർച്ച ചെയ്യുകയും അവരുടെ സേവനം വിവിധ അവസരങ്ങളിൽ ഉറപ്പു വരുത്തുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ നികുതി വകുപ്പ് ഉദ്യോഗസ്ഥരെ കോഴിക്കള്ളക്കടത്തുകാർ കൈയേറ്റം ചെയ്യുകയും അവർക്കെതിരെ പോലീസ് നടപടി എടുക്കുകയും ചെയ്ത സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**